**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4484** **06-03-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ നിലാവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നിലാവ് പദ്ധതി നടപ്പിലാക്കാൻ അപേക്ഷ നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; അതിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും എത്ര കിലോമീറ്റർ വൈദ്യുതി ലൈനാണ് സ്ഥാപിക്കാനുള്ളതെന്ന് അറിയിക്കാമോ; | (എ) | പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ മുനിസിപ്പാലിറ്റി, രാമന്തളി പഞ്ചായത്ത് കരിവെള്ളൂർ, പെരളം, പെരിങ്ങോം വയക്കര, എരമം കുറ്റൂർ, ചെറുപുഴ എന്നീ തദ്ദേശ സ്ഥാപനങ്ങളാണ് 'നിലാവ്' പദ്ധതി നടപ്പിലാക്കാൻ അപേക്ഷ നൽകിയിട്ടുള്ളത്.<br><br>നിലാവ് പദ്ധതിയിൽ അപേക്ഷിച്ചിട്ടുള്ള ഭാഗങ്ങളിൽ നിലവിൽ ലൈനുകൾ ഒന്നും തന്നെ വലിക്കാനില്ല. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾ മുൻകൂറായി പണം കെ.എസ്.ഇ.ബി. യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടും കമ്പിയുടെയും ബൾബിന്റെയും ലഭ്യത കുറവ് കാരണം പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പാടിയോട്ട്ചാൽ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന പെരിങ്ങോം വയക്കര പഞ്ചായത്ത് 'നിലാവ്' പദ്ധതിയിൽ രണ്ടാം ഘട്ടത്തിൽ 500 ബൾബിന്റെ സമ്പൂർണ്ണ പാക്കേജിന് അപേക്ഷിച്ചിരുന്നെങ്കിലും 223 ബൾബിന് മാത്രമേ ഫീസിബിൾ ആയിരുന്നുള്ളൂ. ഫീസിബിൾ ആയവ രണ്ടാം ഘട്ട പർച്ചേസ് ഓർഡർ പ്രകാരം വാങ്ങി സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി 277 ബൾബിനുള്ള അപേക്ഷ 31.07.2021 എന്ന നിശ്ചിത തീയതിക്ക് ശേഷം ലഭിച്ചതിനാൽ ആയത് നിലവിലെ പർച്ചേസ് ഓർഡറിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. |
| (സി) | എങ്കിൽ ഇവ പരിഹരിച്ച് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | 31.07.2021-ന് ശേഷമുള്ള ആവശ്യകതക്കനുസൃതമായി പർച്ചേസ് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ